# വിജ്ഞാപനം

കൊല്ലം ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ഭൂരഹിത കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിലേയ്ക്ക് ഭൂമി വിൽക്കുന്നതിന് തയ്യാറുള്ള കൊല്ലം ജില്ലയിലെ ഭൂ ഉടമകളിൽ നിന്ന് നേരിട്ട് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ (റ്റി.ആർ.ഡി.എം) ജില്ലാ മിഷൻ ചെയർമാൻ കൂടിയായ ജില്ലാകളക്ടർമാർ മുഖേന ഭൂമി വാങ്ങുന്നതിലേയ്ക്ക് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥർ തങ്ങളുടെ ഉടമസ്ഥതയിലുള്ള വാസയോഗ്യമായ ഭൂമി (കുടിവെള്ള ലഭ്യത, റോഡ്, വൈദ്യുതി, തുടങ്ങിയവയടക്കം, യാതൊരു വിധ നിയമക്കുരുക്കുകളിലും ഉൾപ്പെടാത്ത, ബാധ്യതകളില്ലാത്ത ഉത്തമഭൂമി) വിൽക്കുന്ന തിന് തയ്യാറെന്ന സമ്മതപത്രം ഉൾപ്പെടുത്തി വേണം അപേക്ഷ ജില്ലാ കളക്ട്രേറ്റ്, കൊല്ലം, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പുനലൂർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ കുളത്തൂപ്പുഴ എന്നിവർക്ക് സമർപ്പിയ്ക്കേണ്ടത്. കുറഞ്ഞത് ഒരേക്കർ വരെയുള്ള ഭൂമിയുടെ ഉടമസ്ഥർക്ക് വിൽപ്പനയ്ക്കായി അപേക്ഷിയ്ക്കാവുന്നതാണ്. തികച്ചും സുതാര്യവും വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് ഉദ്ദേശിച്ച് ആവിഷ്ക്കരിച്ച ഈ പദ്ധതി സർക്കാർ ഉത്തരവ് (സാധാ) നം: 21/2018/പജപവവിവ തിരുവനന്തപുരം തീയതി: 03.03.2018 എന്ന ഉത്തരവിലെ വ്യവസ്ഥകൾക്കും സർക്കാർ ഭൂമി വാങ്ങൽ സംബന്ധിച്ച നിയമ നിബന്ധനകൾക്കും വിധേയമായിരിയ്ക്കും.

സ്ഥല ഉടമകൾ സമർപ്പിക്കുന്ന ഓഫറുകളോടൊപ്പം വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പ്, അടിയാധാരം, ഭൂമിയുടെ സ്കെച്ച്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, തണ്ടപ്പേർ അക്കൗണ്ട്, 15 വർഷത്തെ കുടികിട സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്, ജില്ലാ ഗവൺമെന്റ് പ്ലീഡറിൽ നിന്നുള്ള ലീഗൽ സ്ക്രൂട്ടണി സർട്ടിഫിക്കറ്റ്, ഒരു സെന്റിന് പ്രതീക്ഷിക്കുന്ന തുക, മുഴുവൻ വസ്തുവിനും പ്രതീക്ഷിക്കുന്ന തുക, വസ്തു വിൽപ്പനയ്ക്ക് തയ്യാറാണെന്നുള്ള സമ്മതപത്രം എന്നിവ ഉൾപ്പെട്ടിരിക്കണം.

ഭൂമി തെരഞ്ഞെടുക്കുന്നതിനും ഗുണനിലവാരം നിശ്ചയിയ്ക്കുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിഗണിയ്ക്കുന്നതിനും നിരസിയ്ക്കുന്ന തിനും ജില്ലാകളക്ടർക്ക് വിവേചനാധികാരം ഉണ്ടായിരിയ്ക്കുന്നതാണ്. തർക്കങ്ങളിലും മറ്റും സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ തീരുമാനം അന്തിമമായിരിയ്ക്കും. ഭൂമി വിൽക്കുന്നതിന് താൽപ്പര്യമുള്ള ഭൂ ഉടമകൾക്ക് കൂടുതൽ വിവരങ്ങൾ ട്രൈബൽ ഡെവലപ്മെന്റ് ആഫീസർ, പുനലൂർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ, കുളത്തൂപ്പുഴ എന്നിവരുടെ കാര്യലയങ്ങളിൽ നിന്നും ലഭ്യമാണ്.

അപേക്ഷ അയയ്ക്കുന്ന കവറിന്റെ പുറത്ത്"ഭൂമി വിലയ്ക്ക് വാങ്ങുന്നതിനുള്ള അപേക്ഷ" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 30-05-2018**

**ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 9496070335, 9496070347**

ട്രൈബൽ ഡെവലപ്മെന്റ് ആഫീസർ
പുനലൂർ